# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2831 06.11.2019-ലെ മറുപടി**

## കുടിവെള്ള പരിശോധനാ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | കുടിവെള്ളം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സംവിധാനങ്ങൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന് അറിയിക്കാമോ; | എ) | കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോട് കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാം തന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP യുടെ ഭാഗമായി മുപ്പത്തിരണ്ട് ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വാർഡ് സർവ്വേയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിലെ കിണർ, കുഴൽകിണർ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും സംഭരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു. ഇതിനെല്ലാം പുറമെ പ്രളയം, വരൾച്ച, പകർച്ചാവ്യാധി വ്യാപനം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ താത്ക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്. |
| ബി) | കുപ്പിവെള്ളം/മിനറൽ വാട്ടർ പരിശോധനക്ക് ശേഷമാണ് വിതരണത്തിന് തയ്യാറാക്കുന്നത് എന്ന കാര്യം സർക്കാർ ഉറപ്പുവരുത്തുന്നുണ്ടോ; ഇതിനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ ; | ബി) | കുപ്പിവെള്ളം/മിനറൽ വാട്ടർ ഗുണനിലവാര പരിശോധന ഫുഡ് സേഫ്റ്റി അതോറിറ്റിയാണ് നടത്തുന്നത് എന്നതിനാൽ ഈ വിഷയം ജലവിഭവ വകുപ്പിന് ബാധകമല്ല . |
| സി) | കുടിവെള്ളം പരിശോധിക്കുന്നതിന് മലപ്പുറം ജില്ലയിൽ ലഭ്യമായ സൗകര്യങ്ങൾ/സംവിധാനങ്ങളെക്കുറിച്ച് അറിയിക്കാമോ; | സി) | കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് മലപ്പുറം ടൗണിലെ കോട്ടക്കുന്നിൽ സ്ഥിതി ചെയ്യുന്ന അതോറിറ്റിയുടെ തന്നെ ഗുണനിലവാര പരിശോധന |

| | | | |
|---|---|---|---|
| | | | ലാബ് നിലവിലുണ്ട് ഇവിടെ നിശ്ചിത ഫീസ് ഒടുക്കി പൊതുജനങ്ങൾക്കും കുടിവെള്ള സാമ്പിളുകൾ പരിശോധന നടത്താവുന്നതാണ്. കൂടാതെ മലപ്പുറം ജില്ലയിൽ NRDWP പദ്ധതിയിലുൾപ്പെട്ട 5 സബ് ജില്ലാ ലാബുകൾ മലപ്പുറം, പെരിന്തൽമണ്ണ, പാറപ്പുറം, മഞ്ചേരി, നിലമ്പൂർ, എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ പഞ്ചായത്തുകളിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കിണർ,കുഴൽകിണർ, തുടങ്ങിയ സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം, വാർഡ് സർവ്വെയുടെ ഭാഗമായി ഈ ലാബുകളിൽ പരിശോധിച്ചു വരുന്നു. |
| ഡി) | മൊബൈൽ ജല പരിശോധനാ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഡി) | കേരള വാട്ടർ അതോറിറ്റിക്കു നിലവിൽ മൊബൈൽ ജല പരിശോധനാ സംവിധാനം ഇല്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ